Draft #10 of File 3293/AD A5/1/2020/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 31-May-2021 04:46 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം - സർവ്വകലാശാല ലൈബ്രറി - അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I ആയ ശ്രീമതി. ജയശ്രീ പി. ബി., ശ്രീ. ബേബി ജോസഫ് എന്നിവർ 31/5/2021 -ൽ സേവനത്തിൽ നിന്നും വിരമിക്കുന്നത് മൂലം ഉണ്ടാകുന്ന സർവ്വകലാശാല ലൈബ്രറി വിഭാഗത്തിലെ ഒഴിവുകളിലേക്ക് ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്നത് - അംഗീകരിച്ച് ഉത്തരവാകുന്നു

---

**ഭരണ വിഭാഗം എ 5 സെക്ഷൻ**

നമ്പർ. 2560/AD A 5/2021/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 31.05.2021

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നമ്പർ. 6037/89 /AD A V (1) തീയതി 09.08.2001.
2. സർവ്വകലാശാല ഉത്തരവ് നമ്പർ. 4117/ A V -1/2013/ ഭരണം തീയതി19.07.2013.
3. സർവ്വകലാശാല ഉത്തരവ് നമ്പർ. 6172/എ5/1/2018/ഭരണം തീയതി 14.08.2018
4. സർവ്വകലാശാല ഉത്തരവ് നമ്പർ. 381/ADA V/5732/2008 തീയതി 27.01.2011
5. G.O. (P) No.42/2010 P & ARD തീയതി 20.12.2010

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം സർവ്വകലാശാല ലൈബ്രറിയിലെ റഫറൻസ് അസിസ്റ്റന്റ്, ടെക്നിക്കൽ അസിസ്റ്റന്റ്, ലൈബ്രറി അസിസ്റ്റന്റ് തസ്തികകളിലെ ജീവനക്കാരുടെ എണ്ണം 3:5:4 അനുപാതത്തിൽ 12:21:18 വീതമായി നിശ്ചയിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റങ്ങൾ നൽകി പോന്നിട്ടുള്ളതുമാണ്.

ഒൻപതാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് പ്രകാരം ലൈബ്രറി ജീവനക്കാരുടെ ഉദ്യോഗപ്പേര് പുന:നാമകരണം ചെയ്യുന്നതിന് നിർദ്ദേശമുണ്ടായിരുന്നെങ്കിലും ആയത് ഈ സർവ്വകലാശാലയിൽ നടപ്പാക്കിയിട്ടില്ലാത്തതിനാൽ 04.06.2013 ൽ ചേർന്ന സിൻഡിക്കേറ്റ് യോഗനടപടിക്കുറിപ്പ് ഇനം 127/13.05/6399 നമ്പർ തീരുമാനപ്രകാരം സർവ്വകലാശാല ലൈബ്രറി വിഭാഗം ജീവനക്കാരുടെ സ്ഥാനക്കയറ്റം ഗവൺമെന്റിന്റെ അന്തിമ ഉത്തരവിന് വിധേയമായി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും, ആയത് പ്രകാരം പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും അതിൻപ്രകാരം സ്ഥാനക്കയറ്റങ്ങൾ നൽകി പോന്നിട്ടുള്ളതുമാണ്. കൂടാതെ ടെക്നിക്കൽ അസിസ്റ്റന്റ്, ലൈബ്രറി അസിസ്റ്റന്റ് തസ്തികകളിലെ ജീവനക്കാരുടെ റഫറൻസ് അസിസ്റ്റന്റ്,ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളിലേക്കുള്ള താൽക്കാലിക സ്ഥാനക്കയറ്റം സംബന്ധിച്ച് 09.08.2018 ൽ ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റിന്റെ യോഗനടപടിക്കുറിപ്പ് ഉപ ഇനം 17/18.06/O.A.I നമ്പർ തീരുമാനപ്രകാരം സർക്കാർ അംഗീകാരത്തിന് വിധേയമായി ലൈബ്രറി ജീവനക്കാരുടെ താൽക്കാലിക സ്ഥാനക്കയറ്റം നടപ്പാക്കുന്നതിനും, ലൈബ്രറി ജീവനക്കാരുടെ തസ്തികകളുടെ പേര് മാറ്റം സംബന്ധിച്ച് ഓർഡിനൻസ് ഭേദഗതിചെയ്യുവാനും തീരുമാനിക്കുകയും ആയത് പ്രകാരം പരാമർശം (3) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും അതിൻപ്രകാരം സ്ഥാനക്കയറ്റങ്ങൾ നൽകി പോന്നിട്ടുള്ളതുമാണ്.

ഒൻപതാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ്

തസ്തികകൾ നിലവിലുള്ള ജീവനക്കാർക്കായി നിജപ്പെടുത്തിയിട്ടുള്ളതും തുടർന്ന് അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റങ്ങൾ യു.ജി.സി. യോഗ്യത ഉള്ളവർക്കായി മാത്രം നൽകുന്നതിന് ഉത്തരവായിരുന്നതുമാണ്. എന്നാൽ 03.11.2010 ന് ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം മിനിറ്റ്സ് ഇനം നം. 87/10.07/3711 പ്രകാരം സർവ്വകലാശാല ലൈബ്രറിയിലെ അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് II -ൽപ്പെട്ട 05 തസ്തികകൾ യു.ജി.സി സ്കീം നടപ്പാക്കുന്നതിന് മുൻപ് ഉണ്ടായിരുന്നതിന് സമാനമായി അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I തസ്തികകളാക്കുന്നതിന് തീരുമാനിക്കുകയും അതിൻ പ്രകാരം സർവ്വകലാശാല ലൈബ്രറിയിലെ ജീവനക്കാർക്ക് അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

**അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I ആയ ശ്രീമതി. ജയശ്രീ പി.ബി., ശ്രീ. ബേബി ജോസഫ് എന്നിവർ 2021 മെയ് 31** -ന് സർവ്വകലാശാല സേവനത്തിൽ നിന്ന് വിരമിക്കുന്നത് മൂലം സർവ്വകലാശാല ലൈബ്രറി വിഭാഗത്തിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് താഴെ പറയുന്ന വിധം സ്ഥാനക്കയറ്റങ്ങൾ നടപ്പാക്കി വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

| ക്രമ. നം | പേരും തസ്തികയും | സ്ഥാനക്കയറ്റ തസ്തിക ശമ്പള നിരക്ക് | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | നിയമനം നൽകുന്ന സെക്ഷൻ |
|---|---|---|---|---|
| 1 | ശ്രീ. സുരേഷ്കുമാർ ടി. വി. അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് II | അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I 42500 -87000 | ശ്രീമതി ജയശ്രീ പി. ബി., അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I 31.05.2021 തീയതി വിരമിക്കുന്നത് മൂലം ഉണ്ടാവുന്ന അസ്സിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I തസ്തികയിലെ ഒഴിവിലേയ്ക്ക് | നിലവിലെ സെക്ഷനിൽ തുടരാൻ അനുവദിക്കുന്നു |
| 2 | ശ്രീ. ബിജു ഫിലിപ്പ് അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് II | അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I 42500 -87000 | ശ്രീ. ബേബി ജോസഫ്, അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I 31.05.2021 തീയതി വിരമിക്കുന്നത് മൂലം ഉണ്ടാവുന്ന അസ്സിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I തസ്തികയിലെ ഒഴിവിലേയ്ക്ക് | ETD വിഭാഗത്തിൽ സെക്ഷൻ ഹെഡ് ആയി നിയമിക്കുന്നു |
| 3 | ശ്രീ. സലാഹുദീൻ പുതുഒറ്റയിൽ റഫറൻസ് അസിസ്റ്റന്റ് | അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് II 39500-83000 | അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് II ആയ ശ്രീ. സുരേഷ്കുമാർ ടി. വി. അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I ആയി സ്ഥാനക്കയറ്റം ലഭിക്കുന്നത് മൂലമുണ്ടാകുന്ന ഒഴിവിലേക്ക് | സർവകലാശാല ലൈബ്രറിയുടെ പാലാ സ്റ്റഡി സെന്ററിന്റെ ചുമതല നൽകി അവിടെ തന്നെ തുടരുവാൻ അനുവദിക്കുന്നു |

Draft #10 of File 3293/AD A5/1/2020/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 31-May-2021 04:46 PM - Page 2

| | | | | |
|---|---|---|---|---|
| 4 | ശ്രീ. സാബു കെ.<br>റഫറൻസ് അസിസ്റ്റന്റ് | അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് II<br>39500-83000 | അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് II ആയ ശ്രീ. ബിജു ഫിലിപ്പ് അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I ആയി സ്ഥാനക്കയറ്റം ലഭിക്കുന്നത് മൂലമുണ്ടാകുന്ന ഒഴിവിലേക്ക് | സർവകലാശാല ലൈബ്രറി അക്വസിഷൻ സെക്ഷനിലേക്ക് നിയമിച്ചിരിക്കുന്നു |
| 5 | ശ്രീമതി. സാവിത്രി ടി. കെ.<br>ടെക്നിക്കൽ അസിസ്റ്റന്റ് | റഫറൻസ് അസിസ്റ്റന്റ്<br>35700 -75600 | ശ്രീ. സലാഹുദീൻ പുതുഒറ്റയിൽ -നെ അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് മൂലമുണ്ടാകുന്ന റഫറൻസ് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവിലേക്ക് | നിലവിലെ സെക്ഷനിൽ തുടരാൻ അനുവദിക്കുന്നു |
| 6 | ശ്രീമതി. ഇന്ദിര ബി.<br>ടെക്നിക്കൽ അസിസ്റ്റന്റ് | റഫറൻസ് അസിസ്റ്റന്റ്<br>35700 -75600 | ശ്രീ. സാബു കെ. യ്ക്ക് അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് മൂലമുണ്ടാകുന്ന റഫറൻസ് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവിലേക്ക് | നിലവിലെ സെക്ഷനിൽ തുടരാൻ അനുവദിക്കുന്നു |

ശ്രീ. സലാഹുദീൻ പുതുഒറ്റയിൽ -നെ അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് മൂലം ഒഴിവു വന്ന പാലാ സ്റ്റഡി സെന്ററിലെ ലൈബ്രറി അസിസ്റ്റന്റ് തസ്തിക സർവകലാശാല ലൈബ്രറിയിലേക്ക് മാറ്റുന്നു.

സർവ്വകലാശാലാ ലൈബ്രറിയിലെ ലൈബ്രറി അസിസ്റ്റന്റുമാരുടെ 7 ഒഴിവുകളിലേക്ക് താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയോഗിക്കുന്ന ഉദ്യോഗാർത്ഥികളിൽ ഒരാളെ ജോലിയിൽ പ്രവേശിക്കുന്ന മുറക്ക്, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ, റഫറൻസ് അസിസ്റ്റന്റ് ശ്രീ. സാബു കെ. ക്ക് സ്ഥാനക്കയറ്റം നൽകി സർവ്വകലാശാലാ ലൈബ്രറിയിലേക്ക് മാറ്റി നിയമിക്കുന്ന ഒഴിവിൽ, നിയോഗിക്കുന്നതാണ്.

ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിന് പ്രാബല്യം ലഭിക്കുകയുള്ളൂ.

പരാമർശം (5) ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേയ്ക്ക് 01.04.2010 നോ അതിന് ശേഷമോ സ്ഥാനക്കയറ്റം/ സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമനത്തിന് ഒഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ സേവനകാലാവധിക്കുള്ളിൽ ആറ് മാസം എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥന് ഒരു വർഷത്തെ തുടർച്ചയായ സർവീസിനിടെ 6 മാസക്കാലത്തെ സേവനകാലം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയത്തിന് സമർപ്പണം നൽകേണ്ടതാണ്.

Draft #10 of File 3293/AD A5/1/2020/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 31-May-2021 04:46 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രമേശൻ പി

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ
2. സർവ്വകലാശാലാ ലൈബ്രേറിയൻ
3. വകുപ്പ് മേധാവി, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്
4. വൈസ് ചാൻസലറുടെയും, പ്രൊ വൈസ് ചാൻസലറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
5. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
6. എ.ആർII (ഭ.വി)/ഡി.ആർ II(ഭ.വി) /ജെ.ആർ I (ഭ.വി)
7. ജനറൽ ക്യാഷ്/ഫിനാൻസ് I/ഫിനാൻസ് II /ഓഡിറ്റ് II/ഓഡിറ്റ് IIIഎഫ്.സി.സി
8. ഐ.ക്യൂ.എ.സി/ CITAD/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
9. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
10. റെക്കോർഡ്സ് സെക്ഷൻ/കരുതൽ ഫയൽ/ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #10 of File 3293/AD A5/1/2020/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 31-May-2021 04:46 PM - Page 4